9. കുഞ്ഞിക്കണ്ണൻ - സി.പി.എം.

10. സജീവൻ - സി.പി.എം.

(ബി) മരണമടഞ്ഞവരുടെ ആശ്രിതർക്ക് സർക്കാർ ധനസഹായം ഒന്നും പ്രഖ്യാപിച്ചിട്ടില്ല.

കൂത്തുപറമ്പ് വെടിവയ്പ്പ് കേസിൽ ഹൈക്കോടതിവിധി

63(804)ശ്രീ. കെ. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൂത്തുപറമ്പ് വെടിവെപ്പ് സംഭവത്തിൽ പ്രതികളാക്കപ്പെട്ടവർ നൽകിയ ഹർജിയിൽ ഹൈക്കോടതിയുടെ സിംഗിൾ ബഞ്ചിന്റെ വിധി വന്നത് എന്നാണ്;

(ബി) വിധി പകർപ്പ് സർക്കാരിന് ലഭിച്ചത് എന്നാണ്;

(സി) പ്രസ്തുത വിധിയിൻമേലുള്ള അപ്പീൽ ഫയൽ ചെയ്തത് എന്നാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) അപ്പീൽ നൽകുന്നതു സംബന്ധിച്ച് നിയമോപദേശം തേടിയിട്ടുണ്ടോ; ആരുടെയെല്ലാം നിയമോപദേശം ലഭിച്ചിട്ടുണ്ട്; അത് എന്നായിരുന്നു;

(ഇ) ഹൈക്കോടതി സിംഗിൾ ബഞ്ചിന്റെ വിധിയിൽ ആർക്കെങ്കിലും ശിക്ഷ വിധിക്കുകയോ ആരെയെങ്കിലും ശിക്ഷാവിമുക്തരാക്കുകയോ ചെയ്തിട്ടുണ്ടോ;

(എഫ്) ഏതെങ്കിലും തരത്തിലുള്ള പുതിയ അന്വേഷണം നടത്താൻ സിംഗിൾ ബഞ്ച് വിധിയിൽ നിർദ്ദേശിച്ചിട്ടുണ്ടോ;

(ജി) ഉണ്ടെങ്കിൽ ആ നിർദ്ദേശം റദ്ദാക്കികിട്ടാൻ വേണ്ടിയാണോ അപ്പീൽ ഫയൽ ചെയ്തതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 29.11.1999 ന്

(ബി) ഹൈക്കോടതി രജിസ്റ്റർ അയച്ചു തന്ന ഔദ്യോഗിക വിധിപകർപ്പ് 1.1.2000-ലാണ് കിട്ടിയത്.

(സി) 13.12.1999 ന്

(ഡി) കേരള അഡ്വക്കേറ്റ് ജനറൽ 10.12.1999 ന് നിയമോപദേശം നൽകിയിട്ടുണ്ട്.

(ഇ) ഇല്ല.

(എഫ്) ഉണ്ട്.

(ജി) 29.11.1999 ലെ സിംഗിൾ ബഞ്ചിന്റെ വിധിക്കെതിരെയാണ് അപ്പീൽ ഫയൽ ചെയ്തത്.

LIBRARY ARCHIVES Kerala Legislative Assembly